LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പരസ്യങ്ങൾ

109 (1545) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര തുകയുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് പരസ്യങ്ങൾ നൽകിയിട്ടുള്ളതെന്നും ഓരോ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള പരസ്യങ്ങളുടെ തുകയും വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ ഇതുവരെയായി പരസ്യയിനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഏകദേശം 12,56,07,108 (പന്ത്രണ്ട് കോടി അമ്പത്തിയാറ് ലക്ഷത്തി ഏഴായിരത്തി ഒരുനൂറ്റി എട്ട്) രൂപയുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി) മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും കൂടാതെ ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക നിരക്കിൽ മറ്റ് പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്. ദിനപത്രങ്ങൾക്ക് 11,95,35,788 (പതിനൊന്നു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുനൂറ്റി എൺപത്തിയെട്ട്) രൂപയുടെ പരസ്യങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് 23,71,320 (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി മൂന്നൂറ്റി ഇരുപത്) രൂപയുടെ പരസ്യങ്ങളും ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് 37,00,000 (മുപ്പത്തിയേഴ് ലക്ഷം) രൂപയുടെ പരസ്യങ്ങളും പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ട്.

പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തൽ

110 (1546) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശിക പത്രപ്രവർത്തകർക്ക് വേണ്ടിയുള്ള ക്ഷേമനിധി എന്നത്തേക്ക് പ്രാബല്യത്തിൽ വരും ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സമയബന്ധിതമായി ഈ ക്ഷേമനിധി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും നടപടികൾ നടന്നുവരികയുമാണ്. നിലവിലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് പ്രകാരം പത്ര പ്രവർത്തകരുടെ സംജ്ഞയിൽ ഉൾപ്പെടുന്നവരല്ല 'പ്രാദേശിക പത്രപ്രവർത്തകർ' എന്നതിനാൽ പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധിയെന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. എങ്കിലും ഇത് പരിഹരിക്കുന്നതിനായി മാനേജ്മെന്റിന്റെ പ്രതിനിധികളുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നെങ്കിലും മാനേജ്മെന്റുകളുടെ വിഹിതം നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടായില്ല. തുടർന്ന് പി.ആർ.ഡി ഡയറക്ടറുടെ അധ്യക്ഷതയിൽ KUWJ പ്രതിനിധികളുമായും ചർച്ച നടത്തുകയും അവർ ഇത് സംബന്ധിച്ച് ഹാജരാക്കിയ അഭിപ്രായത്തിലും 'പ്രാദേശിക പത്ര പ്രവർത്തകർ' പത്രപ്രവർത്തകർ എന്ന സംജ്ഞയിൽ ഉൾപ്പെടുന്നില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. സർക്കാരിന്റെ മാത്രം സാമ്പത്തിക പങ്കാളിത്തത്തോടെ ക്ഷേമനിധി നടപ്പിലാക്കുക എന്നത് പ്രായോഗികമായി പ്രയാസമുള്ള കാര്യമാണെങ്കിലും ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചു വരുന്നു.

പ്രവാസികളുടെ പുനരധിവാസ പദ്ധതി

111 (1547) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾ എന്തെല്ലാം ; ഏതെല്ലാം മേഖലകളാണ് പുനരധിവാസത്തിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

ഉത്തരം

തിരികെയെത്തിയ പ്രവാസി മലയാളികൾക്കുവേണ്ടി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.